**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 133** **27-06-2022 - ൽ മറുപടിയ്ക്ക്**

**നേര്യമംഗലം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതുമായ നേര്യമംഗലം ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി കവളങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നേര്യമംഗലം സാംസ്കാരിക നിലയത്തിന്റെ മുറി, നേര്യമംഗലം അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് വരെ, താൽക്കാലികമായി വാടക രഹിതമായി വിട്ടു നൽകുന്നതിന് പഞ്ചായത്ത് സമിതി തീരുമാനിച്ചതായും, ഗ്യാരേജ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് സൗകര്യം അനുവദിച്ച് നൽകാമെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടവും അനുബന്ധ സ്ഥലവും വകുപ്പ് പരിശോധിച്ചതിൽ അഗ്നിരക്ഷാ നിലയം പ്രവർത്തിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടവും ഗ്യാരേജും വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | 18.02.2021-ലെ 51/2021/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ള നേര്യമംഗലം ഫയർസ്റ്റേഷൻ നേര്യമംഗലം ബസ് സ്റ്റാന്റിനോട് ചേർന്നുള്ള സാംസ്കാരിക നിലയത്തിൽ സ്ഥാപിക്കുന്നതിനുള്ള പഞ്ചായത്തിന്റെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | Clause (A) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | എറണാകുളം ജില്ലാ പഞ്ചായത്തിന്റെ കൈവശമുള്ള അൻപത് സെന്റ് സ്ഥലം പ്രസ്തുത ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനായി കൈമാറ്റം ചെയ്യുന്നതിന് വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറ്റം ചെയ്ത് നൽകുന്നതിന് ജില്ലാ പഞ്ചായത്ത് സമിതി തീരുമാനിച്ചെങ്കിലും നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമല്ല എന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിരിക്കുന്നു. |
| (ഡി) | നിരവധി വ്യവസായ സ്ഥാപനങ്ങൾ സ്ഥിതി | (ഡി) | സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനുള്ള സ്ഥലം, കെട്ടിടം |

| | | | |
|---|---|---|---|
| | ചെയ്യുന്നതും ഇടുക്കി ജില്ലയുമായി അതിർത്തി പങ്കിടുന്നതുമായ നേര്യമംഗലത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും മറ്റ് ഫയർസ്റ്റേഷനുകളിൽ നിന്നും വളരെ ദൂരത്തിലാണെന്നുള്ള വസ്തുതയും പരിഗണിച്ച് നേര്യമംഗലത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ? | | ആവശ്യമായ തസ്തികകൾ എന്നിവയുടെ ലഭ്യതയ്ക്ക് വിധേയമായി സ്റ്റേഷൻ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ